ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

DATE : 08.01.2025 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. ആന്ധ്രാപ്രദേശിൽ രണ്ട് ലക്ഷം കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will inaugurate and lay the foundation stone of projects worth over 2 lakh crore rupees in Andhra Pradesh today.**

2. 18 -ാമത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾക്ക് ഒഡീഷയിൽ തുടക്കമായി. വികസിത് ഭാരത് ലക്ഷ്യത്തിലേക്കുള്ള ഇന്ത്യയുടെ യാത്രയിൽ, യുവ പ്രവാസികൾക്ക് വലിയ പങ്ക് വഹിക്കാനാകുമെന്ന് വിദേശകാര്യമന്ത്രി എസ്.ജയശങ്കർ.

   **The 18th Pravasi Bharatiya Divas convention kicked off at Bhubaneswar in Odisha. Younger generation can make a significant contribution in country's journey towards Viksit Bharat, says External Affairs Minister S Jaisankar.**

3. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് ബില്ലുകൾ അവലോകനം ചെയ്യുന്ന സംയുക്ത പാർലമെൻററി സമിതിയുടെ ആദ്യ യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

   **The first meeting of the Joint Parliamentary Committee (JPC) on two bills related to One Nation One Election is underway in New Delhi.**

4. 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരത്ത് ഇന്ന് സമാപനം. പോയിന്റ് നിലയിൽ തൃശൂർ ഒന്നാമത്; പാലക്കാടും കണ്ണൂരും തൊട്ടു പിന്നിൽ.

   **63rd Kerala State School Youth Festival will conclude today in Thiruvananthapuram. Thrissur districts leading top; Palakakd and Kannur districts are at 2nd and 3rd spot.**

5. അസമിലെ ഉമ്രാങ്സോ കൽക്കരി ഖനിയിൽ കുടുങ്ങിയ തൊഴിലാളികളിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി.
   **The body of one of the trapped labourers in a coal mine in Umrangso locality in Assam was recovered.**

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഗോവ - ഹൈദരാബാദ് പോരാട്ടം.
   **In ISL Football, Goa will face Hyderabad today.**

&&&&&&&&&&&&&&&&

## HEADLINE – 1
## PM - ANDHRA PRADESH VISIT

ആന്ധ്രാപ്രദേശിൽ രണ്ട് ലക്ഷം കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ കീഴിലുള്ള ആദ്യത്തെ ഗ്രീൻ ഹൈഡ്രജൻ ഹബ്ബിൻറെ ശിലാസ്ഥാപനം അദ്ദേഹം വിശാഖപട്ടണത്ത് നിർവ്വഹിക്കും. ഒരു ലക്ഷത്തി 85,000 കോടി രൂപയാണ് പദ്ധതിയുടെ ചെലവ്. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിനും, ഉപ മുഖ്യമന്ത്രി പവൻ കല്യാണിനുമൊപ്പം റോഡ്ഷോയിലും ശ്രീ മോദി ഇന്ന് പങ്കെടുക്കും. ആന്ധ്രാ യൂണിവേഴ്സിറ്റി എഞ്ചിനീറിങ് കോളേജ് മൈതാനത്ത് തുടർന്ന് നടക്കുന്ന പൊതുയോഗത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.19,500 കോടി രൂപയുടെ റെയിൽ, റോഡ് വികസന പദ്ധതികൾ, ചെന്നൈ- ബംഗളുരു വ്യാവസായിക ഇടനാഴിയുടെ ഭാഗമായ ക്രിസ് സിറ്റി പദ്ധതി എന്നിവയ്ക്കും അദ്ദേഹം ചടങ്ങിൽ തുടക്കം കുറിക്കും.

&&&&&&&&&&&&&&&&

## HEADLINE – 2

## DAY PRAVASI BHARATIYA DIVAS - INTRO

18 -ാമത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾക്ക് ഒഡീഷയിൽ തുടക്കമായി. 75 രാജ്യങ്ങളിൽ നിന്നുള്ള ആറായിരത്തോളം പ്രവാസി ഇന്ത്യൻ പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. യുവ പ്രവാസി ഭാരതീയ ദിവസ് പരിപാടിയോടെയാണ് മൂന്ന് ദിവസത്തെ സമ്മേളനത്തിന് ഇന്ന് തുടക്കമായത്. വികസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കാനുള്ള യാത്രയിലാണ് ഇന്ത്യയെന്നും, യുവ പ്രവാസികൾക്ക് ഇതിൽ വലിയ പങ്ക് വഹിക്കാൻ സാധിക്കുമെന്നും വിദേശകാര്യമന്ത്രി എസ്.ജയശങ്കർ പരിപാടി ഉദ്ഘാടനം ചെയ്യുകൊണ്ട് പറഞ്ഞു.

(ഹോൾഡ്)

കേന്ദ്ര മന്ത്രിമാരായ പബിത്ര മാർഗരിറ്റ, മൻസുഖ് മാണ്ഡവ്യ, ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാഞ്ചി തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു. വെള്ളിയാഴ്ച നടക്കുന്ന സമാപന സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&

## HEADLINE – 3

## JPC - ONE NATION ONE ELECTION - INTRO

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ കൊണ്ടുവന്ന രണ്ട് ബില്ലുകൾ അവലോകനം ചെയ്യുന്നതിനുള്ള സംയുക്ത പാർലമെൻററി സമിതിയുടെ ആദ്യ യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. 39 അംഗ സമിതിയിൽ ലോക്സഭയിൽ

നിന്ന് 27 എംപിമാരും രാജ്യസഭയിൽ നിന്ന് 12 അംഗങ്ങളുമാണുള്ളത്. അടുത്ത പാർലമെന്റ് സമ്മേളനത്തിന്റെ അവസാനത്തിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും. നിയമ വിദഗ്ധർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങി സമൂഹത്തിൻറെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും അഭിപ്രായം തേടിയ ശേഷമാകും റിപ്പോർട്ട് തയ്യാറാക്കുകയെന്ന് ജെപിസി അധ്യക്ഷൻ പി.പി ചൗധരി പറഞ്ഞു.

(ഹോൾഡ്)

ബിജെപി നേതാക്കളായ അനുരാഗ് സിങ്ങ് ഠാക്കൂർ, പർഷോത്തം രുപാല, പ്രതിപക്ഷ അംഗങ്ങളായ പ്രിയങ്കാ ഗാന്ധി, മനീഷ് തിവാരി, സുപ്രിയ സുലേ തുടങ്ങിയവർ ജെ.പി.സിയിൽ അംഗങ്ങളാണ്.

&&&&&&&&&&&&&&&&&

## ISRO - NEW CHAIRMAN

ഐഎസ്ആർഒ യുടെ പുതിയ ചെയർമാനായും, ബഹിരാകാശ വകുപ്പ് സെക്രട്ടറിയായും ഡോ. വി നാരായണൻ ഈ മാസം 14 ന് ചുമതലയേൽക്കും. നിലവിലെ ഐ.എസ്.ആർ.ഒ ചെയർമാൻ എസ് സോമനാഥിന്റെ കാലാവധി അവസാനിക്കുന്നതിനെ തുടർന്നാണ് പുതിയ നിയമനം. നിലവിൽ, ഐ.എസ്.ആർ.ഒയുടെ വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ കേന്ദ്രത്തിന്റെ ഡയറക്ടറാണ് വി നാരായണൻ. നാല് പതിറ്റാണ്ടായി ഐ.എസ്.ആർ.ഒയിൽ സേവനം അനുഷ്ഠിക്കുന്ന അദ്ദേഹം റോക്കറ്റ്, ബഹിരാകാശ പേടക മേഖലയിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനാണ്.

&&&&&&&&&&&&&&&&&

## HEADLINE – 4
## YOUTH FESTIVAL - INTRO

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് തിരുവനന്തപുരത്ത് സമാപനമാവും. വൈകുന്നേരം 5 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. 242 ഇനങ്ങൾ പൂർത്തിയായപ്പോൾ 980 പോയിന്റുമായി തൃശൂർ ജില്ലയാണ് മുന്നിൽ. 976 പോയിൻറുമായി പാലക്കാട് രണ്ടാം സ്ഥാനത്തും, 974 പോയിൻറുമായി കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

(വോയ്സ്)

&&&&&&&&&&&&&&&&

## L MURUGAN

രണ്ടു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രസഹമന്ത്രി എൽ മുരുഗൻ നാളെ കേരളത്തിലെത്തും. കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന സുഗത സൂക്ഷ്മവനം പരിപാടി എറണാകുളം വടുതല ചിന്മയ വിദ്യാലയത്തിൽ അദ്ദേഹം നാളെ ഉദ്ഘാടനം ചെയ്യും. കൊട്ടാരക്കരയിലും, പാരിപ്പള്ളിയിലും നടക്കുന്ന സുഗത സൂക്ഷ്മവനം ഉദ്ഘാടന ചടങ്ങിലും കേന്ദ്രസഹമന്ത്രി പങ്കെടുക്കും. അമൃതാനന്ദമയി മഠവും അദ്ദേഹം സന്ദർശിക്കും.

&&&&&&&&&&&&&&&&

## HONEY ROSE

സിനിമാതാരം ഹണി റോസിൻറെ പരാതിയിൽ വ്യവസായി ബോബി ചെമ്മണ്ണൂർ പോലീസ് കസ്റ്റഡിയിൽ. വയനാട് മേപ്പാടി നെല്ലിമുണ്ടയിൽ നിന്നാണ് ഇയാളെ പോലീസ് അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&&

## PERIYA CASE - HIGH COURT

പെരിയ ഇരട്ടക്കൊല കേസിൽ സിബിഐ പ്രത്യേക കോടതി അഞ്ചുവർഷം കഠിന തടവിന് വിധിച്ച നാല് പ്രതികളുടെ ശിക്ഷ ഹൈക്കോടതി സ്റ്റേ ചെയ്തു. ഉദുമ മുൻ എംഎൽഎ കെ വി കുഞ്ഞിരാമൻ ഉൾപ്പെടെയുള്ളവരുടെ ശിക്ഷയാണ് സ്റ്റേ ചെയ്തത്.

&&&&&&&&&&&&&&&&

## HEADLINE – 5
## ASSAM COAL MINE ACCIDENT

അസമിലെ ഉമ്രാങ്സോ കൽക്കരി ഖനിയിൽ കുടുങ്ങിയ തൊഴിലാളികളിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി. പാരാ ഡൈവേഴ്സാണ് മൃതദേഹം കണ്ടത്തിയത്. ഒമ്പത് തൊഴിലാളികൾ കൽക്കരി ഖനിയിൽ കുടുങ്ങിക്കിടക്കുന്നതായാണ് നിഗമനം. സംഭവത്തിൽ ദുഖം രേഖപ്പെടുത്തിയ അസം മുഖ്യമന്ത്രി ഹിമന്ത ബിസ്വ ശർമ, കുടുങ്ങിക്കിടക്കുന്നവർക്കായി സൈന്യവും എൻഡിആർഎഫും രക്ഷാപ്രവർത്തനം ഊർജിതമായി തുടരുന്നതായും അറിയിച്ചു. അനധികൃത ഖനനമാണ് ഇവിടെ നടന്നിരുന്നതെന്നും അസം മുഖ്യമന്ത്രി പറഞ്ഞു. സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ട്.

&&&&&&&&&&&&&&&&

## MAHA KUMBH

മഹാ കുംഭമേളയ്ക്കൊരുങ്ങി ഉത്തർപ്രദേശ്. തീർത്ഥാടകരുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുന്നതിന് പ്രത്യേക ട്രെയിനുകൾക്ക് പുറമേ, ഇലക്ട്രിക് ബസുകളും സജ്ജമാക്കിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 7,000 ബസുകളും, കുംഭ മേള നടക്കുന്ന പ്രദേശങ്ങളിൽ 350 ഷട്ടിൽ ബസുകളും ഇതോടനുബന്ധിച്ച് സർവീസ് നടത്തുമെന്ന് ഉത്തർപ്രദേശ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അറിയിച്ചു. പ്രയാഗ് രാജിൽ ഈ മാസം 13 മുതൽ ഫെബ്രുവരി 26 വരെയാണ് മഹാ കുംഭമേള. പ്രയാഗ് രാജിൽ പൊലീസ് സുരക്ഷാ പരിശോധനയും ശക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## GADKARI - ROAD SAFETY

ഡ്രൈവർമാർക്കായുള്ള പരിശീലന കേന്ദ്രങ്ങൾ രാജ്യത്താകെ സജ്ജമാക്കുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾക്ക് പദ്ധതിയിലൂടെ പ്രോത്സാഹനം നൽകുമെന്നും അദ്ദേഹം പറഞ്ഞു. വിദഗ്ധരായ ഡ്രൈവർമാരുടെ അഭാവം പരിഹരിക്കാൻ ലക്ഷ്യമിടുന്നതാണ് പുതിയ പദ്ധതി.

&&&&&&&&&&&&&&&&

## DAY IMD WEATHER

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ശൈത്യതരംഗം തുടരുന്നു. പഞ്ചാബ്, ഹരിയാന, ഡൽഹി, ഉത്തർപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ ഇന്ന് അതിശൈത്യം അനുഭവപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കനത്ത

മൂടൽമഞ്ഞിനും സാധ്യതയുണ്ട്. രാജ്യത്തിന്റെ വടക്കൻ മേഖലയിൽ വിമാന-ട്രെയിൻ ഗതാഗതത്തെ മൂടൽമഞ്ഞ് സാരമായി ബാധിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 6

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഗോവ – ഹൈദരാബാദ് പോരാട്ടം. രാത്രി 7.30 ന് ഗോവയിലെ ഫത്തോർഡ സ്റ്റേഡിയത്തിലാണ് മത്സരം. ടൂർണമെൻറിൽ 25 പോയിൻറുമായി ഗോവ മൂന്നാമതും എട്ട് പോയൻറുമായി ഹൈദരാബാദ് 12-ാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&

## I-LEAGUE

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് ഡൽഹി യെ നേരിടും; പഞ്ചാബിലെ മാഹിൽപൂരിൽ ഉച്ചക്ക് രണ്ടു മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&

## MALAYSIA OPEN - BADMINTON

ക്വാലാലംപൂരിൽ നടക്കുന്ന മലേഷ്യ ഓപ്പൺ ബാഡ്മിൻറൺ മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ ധ്രുവ് കപില - തനിഷ കാസ്ട്രോ സഖ്യം പ്രീക്വാർട്ടറിൽ കടന്നു. ദക്ഷിണ കൊറിയൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ താരങ്ങൾ അവസാന 16ൽ ഇടംപിടിച്ചത്. പ്രീക്വാർട്ടറിൽ നാളെ ചൈനീസ് സഖ്യത്തെ ഇരുവരും നേരിടും.

&&&&&&&&&&&&&&&&

## BORDER GUARD BANGLADESH

ബംഗ്ലാദേശിലെ ബിരാംപൂർ അതിർത്തിയിലൂടെ ഇന്ത്യയിലേക്ക് കടക്കാൻ ശ്രമിച്ച എട്ടുപേരെ ബംഗ്ലാദേശ് അതിർത്തി സുരക്ഷാ സേന പിടികൂടി. അനധികൃത കുടിയേറ്റശ്രമത്തിന് ഇവർക്കെതിരെ കേസെടുത്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&